ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) സർക്കാരിന്റെ അറിവിൽപ്പെട്ടതായി 107 ഇൻഡസ്ട്രീസ് കോഓപ്പറേറ്റീവ് സൊസൈറ്റികൾ ഉണ്ട്. 58 എണ്ണം തിരുവനന്തപുരം ഡിസ്ട്രിക്റ്റിലും, 10 എണ്ണം കൊല്ലം ഡിസ്ട്രിക്റ്റിലും, 15 എണ്ണം കോട്ടയം ഡിസ്ട്രിക്റ്റിലും, 24 എണ്ണം തൃശ്ശൂർ ഡിസ്ട്രിക്റ്റിലും ആകുന്നു. കരുപ്പെട്ടി, എണ്ണയാട്ട്, തേനീച്ചവളർത്തൽ, കോഴിവളർത്തൽ, കുവമാവ് നിർമ്മാണം, പുട്ടുപ്പായ് നെയ്ത്ത്, തഴപ്പായ് നെയ്ത്ത്, പനമ്പു നെയ്ത്ത്, പനനാരുവേലകൾ എന്നീ വ്യവസായങ്ങൾ ആണ് പ്രധാനമായിട്ടുള്ളവ. ചെറുകിടവ്യവസായങ്ങൾ വികസിപ്പാൻ ഈ സംഘങ്ങൾ സഹായകരങ്ങളാണ്.

(ബി) ഉണ്ട്. ആ മാതൃക സ്വീകാര്യമാണ്.

(സി) 30-6-1955-ൽ ഈ സംഘത്തിൽ 216 അംഗങ്ങളും 612 രൂപ മൂലധനവും ഉണ്ട്. ഈ സംഘത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി കമ്മ്യൂണിറ്റിപ്രോജക്റ്റിൽനിന്നും ലോൺ കൊടുത്തും വിവിധ ഡിപ്പാർട്ടുമെൻറുകളിൽനിന്നും സാധനങ്ങൾ വാങ്ങാനുള്ള ഉത്തരവുകൾ കൊടുത്തും സംസ്കൃതവും അസംസ്കൃതവുമായ സാധനസാമഗ്രികൾ കൊടുത്തും സർക്കാരിൽനിന്നും സഹായിച്ചിട്ടുണ്ട്.

പച്ചത്തൊണ്ടുവ് തരണം.

* 1110. [21] ശ്രീ. യു. നീലകണ്ഠൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955-56-ൽ കയർ സഹകരണ സംഘങ്ങളിൽ പൂഴ്ത്തിയ പച്ചത്തൊണ്ട് എത്ര ; വിതരണം ചെയ്ത അഴക്കുതൊണ്ടെത്ര ;

(ബി) മിനിമം കൂലി കൊടുക്കത്തക്കവണ്ണം ഈ അഴക്കൽതൊണ്ട് എങ്ങനെല്ലാം സംഘങ്ങൾ വിതരണം ചെയ്തു;

(സി) വിതരണം ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഡി) കയർ സംഘങ്ങളുടെ വകയായി റാട്ടുവെച്ച് പിരിപ്പിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര സംഘങ്ങൾ എത്ര റാട്ടുവച്ചിട്ടുണ്ട്; എല്ലാ സംഘങ്ങളും റാട്ടുവച്ച് പിരിപ്പിക്കാത്തത് എന്തുകൊണ്ട് ;

(ഇ) കയർസംഘങ്ങളുടെ പരമലക്ഷ്യമായ പ്രസ്തുത നടപടിക്രമം ഇല്ലാത്ത സംഘങ്ങൾക്കു ലോൺ അനുവദിക്കുന്നത് പ്രയോജനകരമാണെന്നു സർക്കാർ കരുതുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പൂഴ്ത്തിയ തൊണ്ട് 9037332

വിതരണം ചെയ്ത അഴക്കൽതൊണ്ട് 5132781

(ബി) കയർ സഹകരണസംഘങ്ങൾ സാധാരണയായി അഴക്കൽതൊണ്ട് അതിലെ അംഗങ്ങൾക്കു വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. അവർ അത് സ്വന്തം റാട്ടുകൊണ്ടോ മറ്റു വിധത്തിലോ സ്വയം പ്രയത്നിച്ചു യാണ്ടാക്കുന്നു. അതുകൊണ്ട് ചോദ്യം അപ്രസക്തമാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കയർ സഹകരണസംഘങ്ങളുടെ വകയായി റാട്ടുവച്ച് കയർ പിരിപ്പിക്കുന്നുണ്ട്. 25 സംഘങ്ങൾ 82 റാട്ടുവച്ച് പിരിക്കുന്നുണ്ട്. സംഘം നേരിട്ട് പിരിക്കുന്നതിനേക്കാൾ മെമ്പറന്മാരെകൊണ്ട് പ്രിപ്പിച്ചുകൊടുക്കുകയാണ് നല്ലതെന്ന അനുഭവത്തിൽ നിന്നുള്ളതും മെമ്പറന്മാർക്ക് തൊഴിൽ കൊടുക്കുന്നതുകൂടാതെ അവർക്ക് കൂടുതൽ ആദായവും തൃപ്തിയും വിശ്വാസവും തൻമൂലം ഉണ്ടാകുന്നതും ആകുന്നു.

(ഇ) ഡി-ക്കുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യത്തിന് പ്രസക്തിയില്ല.

## പുതിയ തലസ്ഥാനം.

* 1111. [23] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി രൂപമെടുക്കുന്ന കേരളസംസ്ഥാനത്തിന്റെ തലസ്ഥാനം ചില പ്രത്യേകസ്ഥലങ്ങളിൽ വേണമെന്ന കാണിച്ച് ഗവണ്മെന്റിലേക്ക് വല്ല നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ ;

(ബി) പുതിയ സംസ്ഥാനത്തിന്റെ തലസ്ഥാനം കേരളപെരുമാക്കന്മാരുടെ മുൻ തലസ്ഥാനവും ചരിത്രപ്രസിദ്ധവുമായ "മുസരിസ്" എന്ന തുറമുഖം ഉൾപ്പെടുന്ന തിരുവഞ്ചിക്കുളത്തിൽ സ്ഥാപിക്കുന്നതിനു കേന്ദ്രത്തോട് നിവേദനം നടത്താൻ ബഹുമാനപ്പെട്ട ഗവണ്മെന്റ് മുതിരുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) തലസ്ഥാനക്കാര്യം ഗവണ്മെന്റ് ആലോചനാവിഷയമാക്കിയിട്ടില്ല.

## തരിശുഭൂമി.

* 1112. [27] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘകാലം ഗവണ്മെന്റ് തരിശുഭൂമി കൈവശം വച്ചു സ്ഥിരദേഹണ്ഡങ്ങൾ ചെയ്തു കുടിപാർത്തുവരുന്ന കൃഷിക്കാർക്ക് അവരുടെ കൈവശമുള്ള ഭൂമി പതിച്ചു സ്ഥിരാവകാശം കൊടുക്കുന്നതിനു ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്രകാരമുള്ള ഭൂമി പതിച്ചുകൊടുക്കുന്നതാണെന്നു കാണിച്ച് 1934 ആഗസ്റ്റ് 14-ാംതീയതി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന നോട്ടിഫിക്കേഷൻ അനുസരിച്ച് അപേക്ഷകൊടുത്തിട്ടുള്ള പലർക്കും ഇന്നുവരെ ഭൂമി പതിച്ചുകിട്ടിയിട്ടില്ലെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പത്തനംതിട്ടതാലൂക്ക് റാന്നി പകുതിയിൽപ്പെട്ട വെങ്കുറിഞ്ഞിചേരിക്കൽ വശക്കാരായ കൃഷിക്കാർക്ക് പതിച്ചു കൊടുക്കാതിരിക്കാൻ കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly

# APPENDIX XXVIII.

**[Please see answer to Question No. * 1110 (19) posted for answer on 26-11-55]**

Preliminary reports on the following schemes under the various Boards have been prepared and submitted to the Government prior to the starting of detailed investigation works in the area.

## I. Small Scale Industries Board.

(a) Electrical appliances and equipments
(b) Canning industry
(c) Dairying
(d) Tapioca globules
(e) Cycle parts, motor car accessories and refrigeration equipments
(f) Manufacture of clock worktoys children's cycles and cars
(g) Water Meters, Clocks, Taxi meters
(h) Pumps, Strainers and other water supply requisites
(i) Improvements to existing Smithy and Carpentry shops (Cutlery, furniture, household ware etc)
(j) Foundry
(k) Torch cell and Battery making
(l) Small hand tools manufacture
(m) Introduction of following Industrial trades in the Community Project Trade School

1 Japanese printing and book binding
2 Electroplating
3 Spray painting and ornamental stencil work
4 Gem clip making, nail making, bolt and nut making and screw making
5 Braiding and Tailoring
6 Block making, engraving and lithograph
7 Photography & Painting

(n) Manufacture of Midjet Auto cars, Scooters etc.
(o) Industrial Rehabilitation Centre
(p) Aid to private industrialists by way of loans amounting to 10 lakhs

LIBRARY ARCHIVES Kerala Legislative Assembly

APPENDIX XXVIII—(*contd.*)

**II. Handicrafts Board**

1 Fishing nets and chord industry
2 Embroidery and lace making industry
3 Bamboo mats and palmyrah mats industry
4 Kora mat weaving industry
5 Soft Toys and Dolls
6 Lacquer industries
7 Tailoring

**III. All India Khadi & Village Industries Board**

1 Khadi schemes
2 Village Oil Ghani (Oil crushing)
3 Bee-keeping
4 Village Match Industry
5 Hand-made Paper industry
6 Palm Gur
7 Hand Pounding of rice
8 Fibre industry
9 Pottery

**IV. All India Hand-loom Board**

Intensive development scheme for hand-loom industry in the area.

**V. Coir Board**

Intensive development scheme for coir industry in the Pilot Project area.

LIBRARY ARCHIVES Kerala Legislative Assembly